## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3240

20/06/2014-ൽ മറുപടിക്ക്

### കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾക്ക് സ്ഥിരം വിപണന കേന്ദ്രം

**ചോദ്യം**

ശ്രീ. പി.കെ. ഗുരുദാസൻ

കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വില്ക്കുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ ഒരു സ്ഥിരം വിപണന കേന്ദ്രം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; അതിന് വേണ്ടി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ഡോ.എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി )

കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിൽക്കുന്നതിനായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം വിപണന കേന്ദ്രം തുടങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് സ്ഥലം കണ്ടെത്തി ഇത്തരം വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിൽ സ്ഥിരം വിപണി ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ സ്ഥിരം വിപണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ